School

ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും കുട്ടികളുടെ ബൗദ്ധിക, മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപകല്പന ചെയ്തിരിക്കുന്നത്.

പൊതുവിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ട് കൊണ്ടുപോകാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും ആണ് ഈ മാസ്റ്റർ പ്ലാനിന്റെ പ്രധാന ലക്ഷ്യം. വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്താനും കുട്ടികളുടെ സമഗ്ര പുരോഗതിക്കുമായിട്ടാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ആസൂത്രണം ചെയ്തിരിക്കുന്നത്.

## പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പ് വരുത്തുക.
2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പു വരുത്തുക.
3. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കുക.
4. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ അതിനുള്ള പ്രവർത്തനങ്ങളൊരുക്കും.
5. ആധുനിക സാങ്കേതിക വിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.
6. സയൻസ്‌ലാബ്, കമ്പ്യൂട്ടർ ലാബ് തുടങ്ങിയവ ആധുനികവൽക്കരിക്കും.
7. ഒന്നാം ക്ലാസ് മുതൽ 4-ാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്ഷീറ്റുകൾ SRG യുടെ നേതൃത്വത്തിൽ ലഭ്യമാക്കും.
8. 'വിദ്യാലയം ഒരു പാഠപുസ്തകം' എന്ന ആശയം മുൻനിർത്തി അറിവുനിർമാണ ഇടങ്ങളായി വിദ്യാലയപരിസരങ്ങൾ ഒരുക്കും.
9. ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.
10. മാലിന്യമുക്ത വിദ്യാലയം, ഹരിതപെരുമാറ്റച്ചട്ടം പാലിച്ചുവരുന്ന പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മാലിന്യനിർമാർജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.
11. കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ

ഉൽപാദിപ്പിക്കുന്നതിന് വിദ്യാർത്ഥി സമൂഹത്തെ ഒരുക്കിക്കൊണ്ട്.

(12) വിദ്യാലയ ഹൈടെക്കാക്കി മാറ്റുക.

(13) അവരുടെ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാബോധം ഒഴിവാക്കി 'ആക്ടീവ്' വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.

(14) പോക്സോ സംബന്ധമായ ബോധവൽക്കരണം.

(15) മദ്യ ലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവയ്ക്കെതിരെയുള്ള മുൻകരുതലുകൾ.

# അക്കാദമിക ഭൗതിക നേട്ടങ്ങൾ - പരിമിതികൾ

## നേട്ടങ്ങൾ

- അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം.
- ആധുനിക രീതിയിൽ നവീകരിച്ച ശിശു സൗഹൃദമായ കെട്ടിട സമുച്ചയം.
- മികച്ച ലൈബ്രറി, ലാബ്, കമ്പ്യൂട്ടർ പഠന സൗകര്യം
- ഓരോ കുട്ടിയും ഒന്നാമനാണ് പദ്ധതി കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു.
- കലാപഠനം, പ്രവൃത്തി പരിചയം, കായികപഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം.
- പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് അമ്മയുമൊത്ത് എന്ന പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ.
- പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യക്തിഗത സപ്പോർട്ട്.
- സർഗാത്മക വേദികൾ, ആശയപ്രകടന വേദികൾ, ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം.
- പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു.
- കാർഷിക പ്രവൃത്തികൾ ജൈവ വൈവിധ്യ ഉദ്യാനം എന്നിവ കുട്ടികൾക്ക് പ്രയോജനം ചെയ്യുന്നു.

## പരിമിതികൾ

- മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിതശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.
- വിശാല ലാബ്, ലൈബ്രറി സംവിധാനങ്ങൾ ഉണ്ടെങ്കിലും സ്വതന്ത്രമായി കുട്ടികൾക്ക് ഇടപെടാനുള്ള അവസരമില്ല. സയൻസ് ലാബ് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടാനുണ്ട്.
- വായനയ്ക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നു. എങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്. വായനയിലേക്ക് കുട്ടികളെ നയിക്കാൻ സാധിച്ചിട്ടില്ല.
- മത്സര പരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാന മേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.
- ഐ.ടി. അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ്റൂം പ്രവർത്തനങ്ങളെത്തിക്കാനായിട്ടില്ല. എല്ലാ അധ്യാപകർക്കും സാധിച്ചിട്ടില്ല.
- കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. 20% കുട്ടികളെങ്കിലും പിന്നോക്കക്കാരാണ്.
- IED കുട്ടികളുടെ പഠനപിന്തുണ, സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്.
- ആധുനിക രീതിയിലുള്ള കമ്പ്യൂട്ടർ ലാബ് ഉണ്ടെങ്കിലും കുട്ടികളുടെ എണ്ണത്തിനാവശ്യമായ കമ്പ്യൂട്ടറുകളില്ല. എണ്ണത്തിലുള്ള കുറവ് പരിമിതിയുള്ള ഇന്റർനെറ്റ് കവറേജ് ഇല്ലാത്തത് പഠന പ്രവർത്തനങ്ങൾ ICT സഹായി ബന്ധിപ്പിച്ചു നൽകാൻ പ്രയാസം നേരിടുന്നു. കെ·ഫോൺ കണക്ഷൻ ഇതുവരെ ലഭ്യമാക്കിയിട്ടില്ല.

## സ്കൂൾതല അക്കാദമിക മാസ്റ്റർപ്ലാൻ ഇംഗ്ലീഷ് (6)

പ്രവർത്തനം 1
പേര്: ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള അറിവ് കൂട്ടാനും ആശയവിനിമയം നടത്താൻ | ആഴ്ചയിൽ ഒരുദിനം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ് | ഇല്ല. |

പ്രവർത്തനം 02
പേര്: ഇംഗ്ലീഷ് ഡയറി (3, 4 ക്ലാസുകളിൽ)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് | ഓരോ ദിവസത്തെയും വീട്ടിലെയും, വിദ്യാലയത്തിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക | ആഴ്ചയിൽ ഒരു ദിവസം | ആഴ്ചയിൽ ഒരുദിവസം ക്ലാസ് Tr | ഇല്ല. |

പ്രവർത്തനം 3 Reading Card Workshop

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള അറിവ് കൂട്ടാൻ [illegible] കുട്ടികളെ പ്രാപ്തരാക്കുക | രചനകളെ ഉപയോഗിച്ച് റീഡിംഗ് കാർഡ് നിർമ്മിക്കൽ | ജൂൺ | അധ്യാപകർ | ഇല്ല. |

# സ്കൂൾതല അക്കാദമിക മാസ്റ്റർ പ്ലാൻ ഗണിതം



പ്രവർത്തനം 1

പേര്: ഗണിത വർക്ക്ഷീറ്റ് ശില്പശാല

ഉപമേഖല: വർക്ക്ഷീറ്റ് തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക ബാധ്യത |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠനനേട്ടങ്ങളും എല്ലാ കുട്ടികളിലും ഉറപ്പാക്കുക | ഒന്നാം ക്ലാസ് മുതൽ ഏഴിലേക്കും പഠനനേട്ടങ്ങൾ ഉൾപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റേ തുടക്കത്തിൽ | SSG | 400 |

ഗണിത ലാബ് (ഗണിതമൂല)

ഉപമേഖല: ഗണിതകേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക ബാധ്യത |
|---|---|---|---|---|
| കളിയിലൂടെ ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിൽ എത്തിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിത മൂലകൾ (കളി കാർഡുകൾ (ജ്യോമെട്രി ബോക്സ്, കാർഡുകൾ തുടങ്ങിയവ) കുട്ടികൾക്ക് സ്വതന്ത്രമായി ഉപയോഗിക്കാൻ സഹായകമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ | ജൂൺ 202 അദ്ധ്യയനവർഷം മുഴുവൻ | അദ്ധ്യാപക | 200 |

പ്രവർത്തനം 03
പേര്: ഗണിതമേള
ഉപമേഖല: ഗണിതകേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| അടിസ്ഥാന ഗണിതാശയങ്ങൾ കുട്ടികൾക്ക് ഉറപ്പിക്കുന്നതിന് | മൂന്നുമുതൽ ക്ലാസിലും ഗണിതകേളികൾ (ക്വിസ് കളികൾ (മഞ്ചാടി, കളി നോട്ട് ... തുടങ്ങിയവ) | ജൂൺ | അധ്യാപിക | 200 |

പ്രവർത്തനം 4
പേര്: യൂണിറ്റ് വിലയിരുത്തൽ
ഉപമേഖല: യൂണിറ്റ് വിലയിരുത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഓരോ ക്ലാസിലെയും ഓരോ കുട്ടിയും ഉള്ളടക്കം ഗ്രഹിച്ചുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനത്തിൽ ... നടത്തി പഠിതാവിനെ ബോധ്യപ്പെടുത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപിക | ഇല്ല. |

# സ്കൂൾതല അക്കാദമിക മാസ്റ്റർ പ്ലാൻ - പരിസരപഠനം



പ്രവർത്തനം 1
പേര്: ശാസ്ത്ര പഠനോപകരണ ശില്പശാല
ഉപമേഖല: ലാബ് ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ശാസ്ത്രപ്രക്രിയ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ, നിർമ്മാണ പ്രവർത്തനങ്ങൾക്കിണങ്ങുന്ന വിധം ശില്പശാലകൾ സംഘടിപ്പിക്കൽ | ഓരോ ടേമിലും | ക്ലാസ് TR | 400 |

പ്രവർത്തനം 2
പേര്: കണ്ടുപിടിത്തം (കുറിപ്പ് തയ്യാറാക്കൽ)
ഉപമേഖല: ശാസ്ത്രാവബോധം വളർത്താൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ശാസ്ത്രപഠന താല്പര്യം വളർത്തുക, ശാസ്ത്രാവബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണ കുറിപ്പ് തയ്യാറാക്കൽ | എല്ലാ മാസത്തിലും | ക്ലാസ് TR | ഇല്ല |

പ്രവർത്തനം 3

പേര്: പരീക്ഷണോത്സവം

ഉപമേഖല: ശാസ്ത്രപോഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രവിഷയങ്ങളിലേക്കുള്ള താൽപര്യവും, മനഃശാസ്ത്രപരമ ഉത്സാഹവും വളർത്തുക. | ക്ലാസ്സ് മുറികളിൽ ശാസ്ത്ര പ്രയോഗങ്ങൾ കാണിച്ച് അത്ഭുതപ്പെടുത്തുന്നതും, കുട്ടികൾക്ക് അതിൽ പങ്കാളികളാകുന്നതുമാണ് പരീക്ഷണോത്സവത്തിന്റെ ലക്ഷ്യം | ഒക്ടോ മാസത്തിൽ | ക്ലാസ് Tr | 200 |

(11)

സ്കൂൾതല അക്കാദമിക
മാസ്റ്റർ പ്ലാൻ
പ്രവർത്തന പദ്ധതികൾ.

മലയാളം.

പ്രവർത്തനം 1
പേര് : എന്റെ പിറന്നാൾ
ഉപമേഖല : വായന.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| മികച്ച വായനശീലം വളർത്തുക | എല്ലാ ക്ലാസിലും ലൈബ്രറി ലഭ്യമാക്കുന്നു. പിറന്നാൾ പുസ്തകം പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ. |

പ്രവർത്തനം - 2
പേര് : സ്കൂൾ ലൈബ്രറി
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| മികച്ച വായനശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ച് ലൈബ്രറി സജ്ജമാക്കൽ. സ്കൂൾ ലൈബ്രറിയെ നിലവിക്കൽ. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ P.T.A |

പ്രവർത്തനം : 3
പേര് : അക്ഷരക്കൂട്ടം (വായനാ കോർണർ)
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക.<br><br>റീഡേഴ്സ് തിയേറ്റർ. | ഒഴിവു സമയങ്ങളിൽ വായിക്കുവാൻ വേണ്ടി ക്ലാസ് മുറികളിലും പ്രത്യേകം വായനാ കോർണർ ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ സ്കൂൾ ലൈ. ബ്രറി കമ്മി | |

പ്രവർത്തനം : 4
പേര് : ക്ലാസ് തല പത്രികകൾ
ഉപമേഖല : ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| ആശയങ്ങൾ വിനിമയനത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക. | വിദ്യാലയ വിശേഷങ്ങൾ ക്ലാസിലെ. വിവരങ്ങൾ പങ്കുവയ്ക്കുന്ന ക്ലാസിലെ ക്ലാസ് തല. പത്രികകൾ ഒരുക്കൽ. | എല്ലാ മാസവും | ക്ലാസ് ടീച്ചർ. |